**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4487** **06-03-2023 - ൽ മറുപടിയ്ക്ക്**

**സബ്സ്റ്റേഷൻ പുനഃസ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ നിരന്തരം ഉണ്ടാകുന്ന വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ഇല്ല.<br>എന്നിരിക്കിലും തടസ്സരഹിതമായ വൈദ്യുതി ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുറിച്ചി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനു കീഴിൽ കുറിച്ചി ഗ്രാമപഞ്ചായത്തിൽ, കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ദ്യുതി 1.0 പദ്ധതിയിൽ ഉൾപ്പെടുത്തി 21 കി.മീ 11 കെ.വി റീ-കണ്ടക്ടറിങ്, 34 കി.മീ LT റീ-കണ്ടക്ടറിങ്, 4 Nos ട്രാൻസ്ഫോർമർ സ്റ്റേഷൻ സ്റ്റാൻഡേർഡൈസേഷൻ, 6.6 കി.മീ പുതിയ LT ABC സ്ഥാപനം എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 5 പുതിയ ട്രാൻസ്ഫോർമറുകൾ ഈ കാലയളവിൽ സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടാതെ ടി പഞ്ചായത്തിലെ വൈദ്യുതി വിതരണം അന്താരാഷ്ട്ര നിലവാരത്തി-ലേയ്ക്കെത്തിക്കുന്നതിനായി ദ്യുതി 2.0, RDSS എന്നീ പദ്ധതികളിൽപ്പെടുത്തി നടപ്പിലാ-ക്കുന്നതിനുള്ള പ്രവൃത്തികളുടെ അംഗീകാരം, ദർഘാസ് നടപടികൾ എന്നിവ പുരോഗമിച്ചുവരുന്നു. |
| (ബി) | വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് കുറിച്ചി ഇലക്ട്രിക് സെക്ഷന്റെ സമീപമുള്ള ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസിന്റെ ഭാഗമായുള്ള സബ്സ്റ്റേഷൻ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് (TECIL) സർക്കാർ പാട്ടത്തിന് നൽകിയിരുന്ന ഭൂമി, പാട്ട വ്യവസ്ഥകൾ ലംഘിച്ചതിനാൽ, സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുണ്ട്. ഈ ഭൂമിയിൽ നിന്നും സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 1.5 ഏക്കർ സ്ഥലം വിട്ടു നൽകുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡ് റവന്യൂ വകുപ്പിലേക്ക് അപേക്ഷിച്ചിരുന്നു. എന്നാൽ ഈ സ്ഥലത്തെ സംബന്ധിച്ച് ബഹു: ഹൈക്കോടതിയിൽ കേസ് (നമ്പർ W.P.(C)/11368/15) നിലവിലുള്ളതിനാൽ പ്രസ്തുത കേസിന്മേൽ ഉള്ള തീരുമാനം അനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ